**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *218 **09.03.2018-ൽ** മറുപടിക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ കെ.എസ്.ശബരീനാഥൻ<br>ശ്രീ അനൂപ് ജേക്കബ്<br>ശ്രീ എം. വിൻസെന്റ് | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പ്രസ്തുത വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന സ്വയം തൊഴിൽ പദ്ധതികൾക്കും, മൈക്രോ ഫിനാൻസ് പദ്ധതിയ്ക്കും, വാഹനങ്ങൾ വാങ്ങുന്നതിനും, വിവാഹം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കും വായ്പ നൽകി വരുന്നു. 50,000/- രൂപ മുതൽ 10 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിലാണ് വായ്പകൾ നൽകുന്നത്. ഈ വർഷം പുതുതായി കുടുംബശ്രീയുമായി ചേർന്ന് കോർപ്പറേഷന്റെ ചരിത്രത്തിൽ ആദ്യമായി വനിതകളുടെ ഗ്രൂപ്പുകൾക്ക് ജാമ്യമില്ലാതെ വായ്പ നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഭൂമിയുടെ വില വർദ്ധനവിനനുസരിച്ച് പരിഷ്കരിച്ച കൃഷിഭൂമി വായ്പാ പദ്ധതി, സബ്സിഡിയോടു കൂടിയുള്ള വിദേശ തൊഴിൽ വായ്പാ പദ്ധതി, പെട്രോളിയം ഡീലർമാർക്കുള്ള വായ്പയുടെ രണ്ടാം ഘട്ടം, സർക്കാർ ഉദ്യോഗസ്ഥർക്കുള്ള കാർ ലോൺ പദ്ധതി, പട്ടികജാതി ഗുണഭോക്താക്കൾക്കുള്ള ഭവന പുനരുദ്ധാരണ വായ്പാ പദ്ധതി, വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പട്ടിക വിഭാഗക്കാർക്കുള്ള പദ്ധതി എന്നിവയും കോർപ്പറേഷൻ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമേ ഓരോ ജില്ലയിലും ഒരു പട്ടികവർഗ്ഗ കോളനി വീതം ദത്തെടുക്കുവാനും ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | 2017-18 സാമ്പത്തിക വർഷം വായ്പാ വിതരണത്തിലും തിരിച്ചടവിലും കോർപ്പറേഷൻ ഉണ്ടാക്കിയ നേട്ടം വിശദമാക്കുമോ; | (ബി) | വായ്പാവിതരണത്തിൽ ലക്ഷ്യമിട്ട 60 കോടി രൂപയിൽ 2018 ഫെബ്രുവരി അവസാനത്തോടെ 53.02 കോടി രൂപ (88.37%) വിതരണം ചെയ്തിട്ടുണ്ട്. വായ്പാ തിരിച്ചടവിൽ 50 കോടി രൂപ ലക്ഷ്യമിട്ടപ്പോൾ 2018 ഫെബ്രുവരി 28 വരെയുള്ള കണക്കനുസരിച്ച് 47.23 കോടി രൂപയുടെ (94.50%) നേട്ടം കൈവരിച്ചിട്ടുണ്ട്. |
| (സി) | കോർപ്പറേഷന്റെ നിലവിലെ അംഗീകൃത മൂലധനം എത്രയാണെന്നറിയിക്കുമോ; അത് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (സി) | കോർപ്പറേഷന്റെ നിലവിലെ അംഗീകൃത മൂലധനം 150 കോടി രൂപയാണ്. അംഗീകൃത മൂലധനം 200 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ഡി) | കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ഉപഭോക്താക്കൾക്ക് ബോധവത്ക്കരണം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; 'ഒപ്പം' എന്ന പേരിൽ പ്രചരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ? | (ഡി) | 1972-ൽ രൂപീകൃതമായ കോർപ്പറേഷന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ജനസംഖ്യയുടെ ഏകദേശം 5% വരുന്ന 1,80,000 ഗുണഭോക്താക്കൾക്ക് മാത്രമേ സേവനം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. അതിനാൽ നിർദ്ദിഷ്ട ജനവിഭാഗത്തിന് കോർപ്പറേഷന്റെ പദ്ധതികളെക്കുറിച്ച് കൂടുതൽ അവബോധമുണ്ടാക്കുന്നതിന് കോർപ്പറേഷൻ ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടുള്ള 'ഒപ്പം' എന്ന പരിപാടി പ്രകാരം വിപുലമായ ബോധവത്ക്കരണം നടത്തുന്നുണ്ട്. സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ ഓരോ പദ്ധതികളെയും കുറിച്ച് നൽകുന്ന വിശദീകരണം, മുമ്പ് കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് മെച്ചപ്പെട്ട ജീവിത നിലവാരം കൈവരിച്ച ഗുണഭോക്താക്കളുടെ വിജയകഥകൾ എന്നിവ ഉൾപ്പെടുത്തിയ വീഡിയോ അവതരണവും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>2018 ഏപ്രിൽ മാസം മുതൽ ജനപ്രതിനിധികൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകൾ, എസ്.സി/എസ്.ടി പ്രൊമോട്ടർമാർ, കുടുംബശ്രീ പ്രവർത്തകർ പട്ടികജാതി-പട്ടികവർഗ്ഗ വികസന പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതലത്തിലും/ ബ്ലോക്ക് തലത്തിലും, പഞ്ചായത്ത് തലത്തിലും |

| | | | |
|---|---|---|---|
| | | | വീഡിയോ അവതരണമുൾപ്പെടുത്തിയുള്ള പരിശീലനം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ